# എസ്.എം.എഫ് സ്വദേശി ദർസ്

(Diploma Course in moral and pratical education)

- സുന്നി മഹല്ല് ഫെഡറേഷൻ സംസ്ഥാന കമ്മിറ്റിയുടെ തീരുമാന പ്രകാരംമഹല്ല് കമ്മിറ്റിയുടെ കീഴിൽ നടപ്പിലാക്കുന്ന പദ്ധതിയാണ് സ്വദേശി ദർസ്.
- ആരാധനകൾക്കൊപ്പം അറിവന്വേഷണത്തിന്റെയും കേന്ദ്രങ്ങളാണ് മസ്ജിദുകൾ. ആരാധനകളിലേറ്റം ശ്രേഷ്ഠം ജ്ഞാന സമ്പാദനമാണെന്നാണ് ഇസ്‌ലാമികാധ്യാപനം. മതബോധവും ആത്മീയതയുമുള്ള ഒരു സമൂഹത്തിന്റെ സൃഷ്ടിപ്പിന് ചാലകശക്തിയാകേണ്ടത് മസ്ജിദുകളും മഹല്ലുകളുമാണ്.
- പുതിയ തലമുറയെക്കുറിച്ച് നമുക്ക് പരാതികളേറെയാണ്. പുത്തൻ വാദങ്ങളും മതനിരാസ ചിന്തകളും അരാജകത്വവും അവരിൽ വളർന്ന് വരുന്നുവെന്നത് യാഥാർത്ഥ്യവുമാണ്. പരാതികളും പരിഭവങ്ങളും പറഞ്ഞിരിക്കുന്നതിന് പകരം യാഥാർത്ഥ്യബോധത്തോടെ പരിഹാരമാർഗങ്ങളന്വേഷിക്കുകയാണ് വേണ്ടത്.
- സമസ്ത കേരള സുന്നി മഹല്ല് ഫെഡറേഷൻ നിർദേശിക്കുന്ന പരിഹാരമാണ് ‘സ്വദേശിദർസ്’ സംവിധാനം. കൗമാരക്കാരുടെ ഊർജ്ജസ്വലത പ്രയോജനപ്പെടുത്തി, അവരുടെ മാനസിക ചിന്തകൾക്ക് അനുയോജ്യമായി, മനശാസ്ത്രാധിഷ്ഠിതവും കാലികവുമായി രൂപപ്പെടുത്തിയ പദ്ധതിയാണ് ‘സ്വദേശിദർസ്’.
- മതബോധത്തിലധിഷ്ഠിതമായി ജീവിക്കാൻ അനിവാര്യവും അത്യാവശ്യവുമായ അറിവുകൾ ലളിതമായ രീതിയിൽ പ്രദാനം ചെയ്യുന്ന ഒരു സർട്ടിഫിക്കറ്റ് കോഴ്സാണ് ‘സ്വദേശിദർസ്’. പ്രാഥമിക മത വിദ്യാഭ്യാസം പൂർത്തിയാക്കിയ / പാതി വഴിയിൽ അവസാനിപ്പിച്ച കൗമാരക്കാരായ ആൺകുട്ടികളെ ഈ സംവിധാനത്തിന്റെ ഭാഗമാക്കി, ഇസ്‌ലാമിന്റെ സുന്ദര പാതയിലൂടെ നല്ല പൗരൻമാരാക്കി

വളർത്തിയെടുക്കാൻ സാധ്യമാകുന്ന രീതിയിലാണ് ഇതിന്റെ കോഴ്സും കരിക്കുലവും ആസൂത്രണം ചെയ്തിരിക്കുന്നത്. മൂന്ന് വർഷമാണ് കാലാവധി.

**വിഷൻ**

- മത ബോധവും ധാർമികതയുമുള്ള ഒരു തലമുറയുടെ സൃഷ്ടിപ്പ്.

**മിഷൻ**

- അക്കാദമിക മേൽനോട്ടത്തിനായി സ്റ്റേറ്റ് അക്കാഡമിക് കൗൺസിൽ.
- ജില്ലാതലങ്ങളിൽ സ്വദേശി ദർസ് സമിതികൾ.
- നിരന്തര മൂല്യ നിർണയം.
- പരീക്ഷാ ബോർഡിന്റെ നേതൃത്വത്തിൽ കേന്ദ്രീകൃത വാർഷിക പരീക്ഷ നടക്കും.
- ആർട്സ് ഫെസ്റ്റുകളും പഠന യാത്രകളും.
- കൃത്യമായ സിലബസും അക്കാദമിക് കലണ്ടറും.
- അധ്യാപകർക്ക് പരിശീലന പരിപാടികൾ.
- എല്ലാ ജില്ലകളിലും പാഠ പുസ്തക വിതരണ കേന്ദ്രങ്ങൾ.
- പരീക്ഷാ പരിശീലനങ്ങൾ, മോട്ടിവേഷൻ ക്ലാസുകൾ.
- പ്രസംഗ  തൂലികാ – പൊതു പ്രവർത്തന പരിശീലനം.

**പ്രവേശനം ആർക്ക്? എങ്ങനെ?**

- മദ്റസാ പഠനം പൂർത്തിയാക്കിയ / ഇടക്കാലത്ത് പഠനം അവസാനിപ്പിച്ച കൗമാരക്കാരായ ആൺകുട്ടികൾക്കായിരിക്കും പ്രവേശനം.
- നിർദിഷ്ട മാതൃകയിൽ തയ്യാറാക്കിയ ഫോറം വഴി അപേക്ഷിക്കണം.

(സെന്റർ അപേക്ഷാ ഫോറം എസ്.എം.എഫ് സംസ്ഥാന കമ്മിറ്റിക്ക് സമർപ്പിക്കേണ്ടതും വിദ്യാർത്ഥികളുടെ അപേക്ഷാ ഫോറം അതത് സെന്ററിൽ സൂക്ഷിക്കേണ്ടതുമാണ്.)

- **അധ്യാപനം**
- മുദർരിസുമാർ/ഖത്വീബുമാർ/മുഅല്ലിംകൾ

അധ്യാപകർക്ക് പ്രത്യേകം വേതനം/ അലവൻസ് മഹല്ല് കമ്മിറ്റി തന്നെ കൊടുക്കേണ്ടതാണ്.

- **പഠന സമയം** (രണ്ട് രീതികൾ)
  1. മഗ്‌രിബിന് ശേഷം 45 മിനുട്ട്‌വീതമുള്ള 2 പിരീഡ്, ദിവസം ഒന്നര മണിക്കൂർ, ആഴ്ചയിൽ 5 ദിവസം. സൗകര്യമായ മറ്റുസമയങ്ങളും പരിഗണിക്കാവുന്നതാണ്.
  2. ആഴ്ചയിൽ രണ്ട് പ്രവർത്തി ദിനങ്ങളി (ശനി, ഞായർ) ലായി നാല് മണിക്കൂർ (ആവശ്യമുള്ള സ്ഥലങ്ങളിൽ മാത്രം)

**<u>വസ്ത്രധാരണം</u>**

കുട്ടികൾ സാധാരണ ധരിക്കുന്ന, ഇസ്‌ലാമിക വിരുദ്ധമല്ലാത്ത ഏത് വസ്ത്രവുമാവാം. നിശ്ചിത ഡ്രസ് കോഡ് അടിച്ചേൽപ്പിക്കേണ്ടതില്ല.

**<u>അവധികൾ</u>**

- മുസ്‌ലിം കലണ്ടർ അനുസരിച്ചുള്ള അവധികൾക്ക് പുറമേ, കുട്ടികളുടെ സ്കൂൾ പരീക്ഷകൾക്ക് വേണ്ടി 20 ദിവസം അധിക അവധി നൽകേണ്ടതാണ്.

## <u>പരീക്ഷ</u>

- വർഷത്തിൽ വാർഷിക പരീക്ഷക ശഅ്ബാൻ മാസത്തിൽ നടക്കുന്നതാണ്.

## നിർദേശങ്ങൾ

- ഫിഖ്ഹ് ഉൾപെടെയുള്ളവിഷയങ്ങളിൽ പാഠഭാഗങ്ങൾ പഠിപ്പിക്കേണ്ടത് പ്രായോഗികവൽകരണത്തിന് പ്രാധാന്യം കൊടുത്ത് കൊണ്ടാവണം. വിദ്യാർത്ഥികളുടെ സംശയ നിവാരണത്തിന് മുൻഗണന കൊടുക്കേണ്ടതും നിത്യമായി ഇടപെടുന്ന കാര്യങ്ങളിലുള്ള ചർച്ചകൾ നടത്തേണ്ടതും ആശയങ്ങൾ മലയാളത്തിൽതന്നെ പഠിപ്പിക്കേണ്ടതുമാണ്.
- മജ്മൂഅ കിതാബിൽ ദുആകളും ദിക്റുകളും മറ്റു ഭാഗങ്ങളും പരിശീലനങ്ങൾക്ക് പ്രാധാന്യം കൊടുക്കേണ്ടതാണ്.
- നിശ്ചയിക്കപ്പെട്ട സിലബസിന് പുറമേവിദ്യാർത്ഥികൾക്ക് ദർസുമായി കൂടുതൽ താൽപര്യപ്പെടുത്തുന്ന രീതിയിൽ അടിസ്ഥാന കമ്പ്യൂട്ടർ പഠനം , സ്പോക്കൺ ഇംഗ്ലീഷ് , സ്പോക്കൺ അറബിക് തുടങ്ങിയ വിഷയങ്ങളിലും പരിശീലനം നൽകാവുന്നതാണ്. സാധ്യമെങ്കിൽ മാസത്തിലൊരിക്കൽ പി. എസ്.സി പോലുള്ള പബ്ലിക് /സർക്കാർ പരീക്ഷകൾക്കുള്ള പരിശീലനം നൽകേണ്ടതും രണ്ട് / മൂന്ന്മാസത്തിലൊരിക്കൽ ജനറൽ മോട്ടിവേഷൻ ക്ലാസ്സ് നൽകേണ്ടതുമാണ്.
- വിദ്യാർത്ഥികൾക്ക് ദഅ്വാ പ്രവർത്തനത്തിനും പൊതുപ്രവർത്തനത്തിനും ആകർഷണീയമായരീതിയിൽ പ്രസംഗ പരിശീലനത്തിന് അവസരം സൃഷ്ടിക്കേണ്ടതാണ്.
- വർഷത്തിൽ ഒരു പ്രാവശ്യം പഠനയാത്ര സംഘടിപ്പിക്കുന്നതും ഉചിതമാകും.
- കുട്ടിക്ക് വർഷത്തിൽ 80 % മെങ്കിലും ഹാജർ ഉണ്ടായിരിക്കണം.

# സിലബസ്

**1 ാം വർഷം:**

| | | ആഴ്ചയിൽ | വർഷത്തിൽ |
|---|---|---|---|
| 1. | ഖുർആൻ | 2 പിരീഡ് | (80 പിരീഡ്) |
| 2. | ഫിഖ്ഹ് | 2 പിരീഡ് | (80 പിരീഡ്) |
| 3. | ഹദീസ് | 1 പിരീഡ് | (40 പിരീഡ്) |
| 4. | താരീഖ് | 1 പിരീഡ് | (40 പിരീഡ്) |
| 5. | മജ്മൂഅ | 2 പിരീഡ് | (80 പിരീഡ്) |
| 6. | അഖീദ | 1 പിരീഡ് | (40 പിരീഡ്) |

**2 ാം വർഷം:**

| | | ആഴ്ചയിൽ | വർഷത്തിൽ |
|---|---|---|---|
| 1. | ഹിഫ്ള് | 2 പിരീഡ് | (80 പിരീഡ്) |
| 2. | ഫിഖ്ഹ് | 2 പിരീഡ് | (80 പിരീഡ്) |
| 3. | ഹദീസ് | 2 പിരീഡ് | (40 പിരീഡ്) |
| 4. | അഖീദ | 1 പിരീഡ് | (40 പിരീഡ്) |
| 5. | മജ്മൂഅ | 1 പിരീഡ് | (40 പിരീഡ്) |
| 6. | താരീഖ് | 1 പിരീഡ് | (40 പിരീഡ്) |

**മൂന്നാംവർഷം:**

| | | ആഴ്ചയിൽ | വർഷത്തിൽ |
|---|---|---|---|
| 1. | തഫ്സീർ | 2 പിരീഡ് | (80 പിരീഡ്) |
| 2. | ഫിഖ്ഹ് | 3 പിരീഡ് | (120 പിരീഡ്) |
| 3. | ഹദീസ് (ഇർഷാദ്) | 1 പിരീഡ് | (40 പിരീഡ്) |
| 4. | അദ്കിയാ | 2 പിരീഡ് | (80 പിരീഡ്) |

# ഖുർആൻ പഠനം

**ഒന്നാം വർഷം**

- സമസ്തയുടെ (എസ്.കെ.എം.വി.ബി) ഖവാഇദുതിലാവ തജ്‌വീദ് കിതാബ് അടിസ്ഥാനമാക്കി തെറ്റ് കൂടാതെ ഓതാൻ പഠിപ്പിക്കുക,പരിശീലിപ്പിക്കുക.
- ഖവാഇദു തിലാവ കിതാബ് കുട്ടികൾക്ക് നിർബന്ധമില്ല ആവശ്യമെങ്കിൽ ആകാവുന്നതുമാണ്.
- ആഴ്ച്ചയിൽ ഒരു പിരീഡ് കമ്പ്യൂട്ടർ പഠനം, ഭാഷാ പഠനം, പ്രസംഗ പരിശീലനം തുടങ്ങിയവക്ക് ഉപയോഗപ്പെടുത്തണം.

**രണ്ടാം വർഷം**

- നിയമങ്ങൾ പാലിച്ചും തെറ്റ് കൂടാതെയും ഓതാൻ പരിശീലിപ്പിക്കുക. ഹിഫ്ള്ളിന് നിശ്ചയിക്കപ്പെട്ട ഭാഗം മനപാഠമാക്കുക.
- ആഴ്ച്ചയിൽ ഒരു പിരീഡ് കമ്പ്യൂട്ടർ പഠനം, ഭാഷാ പഠനം, പ്രസംഗ പരിശീലനം തുടങ്ങിയവക്ക് ഉപയോഗപ്പെടുത്തണം.
- ഹിഫ്ള് : സൂറത്തുയാസീൻ, سورة الواقعة، سورة الملك

അഅ്‌ലാ (സബ്ബിഹിസ്മ) മുതൽസൂറത്തുന്നാസ് വരെ.

**മൂന്നാം വർഷം**

**തഫ്സീർ**

- രണ്ടാം വർഷം ഹിഫ്ള് പഠിച്ച സൂറത്തുകളുടെ വ്യാഖ്യാനം തഫ്സീർ ജലാലൈനി അടിസ്ഥാനമാക്കി പഠിപ്പിക്കണം.

**ഒന്നാംവർഷം**

| الشهر | الحديث | الفقه | താരീഖ് | العقائد | المجموعة |
|---|---|---|---|---|---|
| شوال/ ذو القعد | حفظ اللسان، المروة والكرم | من الأول إلى آخر الأمر بالصلاة | പ്രാരംഭം മുതൽ നബി(സ)യും സിദ്ദീഖും(റ) മദീനയിൽവരെ | من المقدمة الى آخر الصفحة 21 | من الأول الى آخر الصفحة 12 |
| ذو الحجة | آداب الطعام | من شروط الصلاة إلى آخر قضاء الحاجة | | | |
| محرم | اللباس، النوم والجلوس | من أول الإستنجاء إلى آخر معرفة دخول الوقت | | | |
| صفر | عيادة المريض، القرآن | من الصلاة المحرمة إلى آخر الدرس الثاني والعشرون | | | |
| ربيع الأول | التمسك بالقرآن والسنة | من الدرس الثالث والعشرون إلى آخر الدرس السابع والعشرون | | | |
| ربيع الآخر | الصلة وحسن المعاملة | من الدرس الثمن والعشرون الى آخر الدرس الثالث والثلاثون | ഇസ്‌ലാമിലെ ആദ്യ സംഘട്ടനങ്ങൾ മുതൽ വിയോഗം വരെ | من القدر صفحة 22 الى آخر جزء الأول مع الخاتمة | من منقوص مولد الى آخر جزء الأول |
| جمادى الأولى | الرفق والرحمة على الغير | من الدرس الرابع والثلاثون إلى آخر الدرس الثامن والثلاثون | | | |
| جمادى الأخرى | الرفق والرحمة على الغير | من الدرس التاسع والثلاثون إلى آخر الدرس الخامس والأربعون | | | |
| رجب | المراجعة | من الدرس الخامس والأربعون إلى آخر الدرس الثالث والخمسون | | | |
| شعبان | المراجعة | من الدرس الرابع والخمسون إلى الآخر | | المراجعة | المراجعة |

# രണ്ടാംവർഷം

| الشهر | شوال/ ذو القعد | ذو الحجة | محرم | صفر | ربيع الأول |
|---|---|---|---|---|---|
| الحديث | الحديث الاول، والحديث الثاني | من الحديث الثالث الى الحديث السادس | من الحديث السابع الى الحديث الثاني عشر | من الحديث الثالث عشر الى الحديث الثامن عشر | من الحديث التاسع عشر الى الثالث والعشرون |
| الفقه | من الأول الى آخر التثبيت والتلقين | من أول كتاب الزكاة الى آخر الدرس الحادي عشر | من أول زكاة المواشى الى إعطائها لمستحقيها | من أول المستحقون الى آخر قضاء ما فات من صوم رمضان | من أول الكفارة الى آخر صوم التطوع |
| താരീഖ് | ഇസ്‌ലാമിക ഖിലാഫത്ത് ചില സവിശേഷതകൾ മുതൽ അലിയ്യുബ്നു അബീത്വാലിബ് (റ) വരെ | | | | |
| العقائد | من أول باب معرفة الصغرى الى آخر باب معرفة الصغرى | | | | |
| المجموعة | من أول جزء الثانى الى آخر صلاة الجنازة الصفحة 45 | | | | |
| الحفظ | الفاتحة | سورة يس | سورة يس | سورة الملك | سورة الملك |

| | | | | |
|---|---|---|---|---|
| سورة الواقعة | سورة الواقعة | سورة الأعلى الى سورة القارعة | من سورة التكاثر الى سورة الكوثر | من سورة الكافرون الى سورة الناس |
| من صفحة 45 الى اخر الكتاب | | | | المراجعة |
| من أول باب معرفة الكبرى الى اخر الكتاب | | | | المراجعة |
| ഫിഖ്ഹ്: ഒരു ഹ്യസ്വാവലോകനം മുതൽ അവസാനം വരെ | | | | |
| من أول الحج والعمرة الى آخر واجبات الحج | من أول محرمات الإحرام الى آخر أركان النكاح | من أول شروط أركان النكاح الى آخر النشوز والخلع | من أول الفسخ الى آخر الطلاق -3 الرجعة والعدة | المراجعة |
| من الحديث الرابع والعشرون الى السادس والعشرون | من الحديث السابع والعشرون الى التاسع والعشرون | من الحديث الثلاثون الى الخامس والثلاثون | من السادس والثلاثون الى التاسع والثلاثون | من الاربعون الى الثاني والاربعون (المراجعة) |
| ربيع الآخر | جمادى الأولى | جماد الأخرى | رجب | شعبان |

**മൂന്നാംവർഷം**

| الشهر | شوال | ذو القعدة | ذو الحجة | محرم | صفر | ربيع الأول |
|---|---|---|---|---|---|---|
| التفسير | الفاتحة | سورة يس | سورة يس | سورة الملك | سورة الملك | سورة الواقعة |
| الفقه | من كتاب البيع الى شر ط المعقود عليه | من اول القرض والرهن الى آخر الحجر | من اول الصلح الى آخر الضمان | من أول القراض الى آخر المزارعة | من أول كتاب الإجارة الى آخر الإجارة 3 | من أول الوكالة الى آخر الوكالة 2 |
| إرشاد العباد | باب الإيمان | من أول فصل في الردة إلى آخر باب العلم | من أول فصل الصلاة المكتوبة الى آخر باب صلاة الجماعة | من أول باب الصوم إلى آخر خاتمة في بيان فضل الحج | من أول باب عيادة المريض الى آخر فصل في الضيافة | من أول فضل القرآن إلى آخر فصل في فضائل بعض السور |
| الأذكياء | من اول الكتاب الى صفحة 12 | | من التوبة الى آخر تعلم العلم الشرعي | من المحافظة على السنن إلى آخر التوكل | من الإخلاص الى آخر العزلة | من حفظ الأوقات الى آخر صفحة 50 |

| | | | | |
|---|---|---|---|---|
| من صفحة 51 الى آخر صفحة 60 | من صفحة 61 الى آخر صفحة 70 | من صفحة 71 الى صفحة 78 | من صفحة 79 الى آخر الكتاب | المراجعة |
| من أول الشرك الأصغر الى آخر باب عقوق الوالدين | من أول باب الزنا الى آخر باب شرب الخمر | من أول الكبر والعجب إلى آخر باب الغيبة | من أول الكذب الى الآخر | المراجعة |
| من أول الوديعة الى آخر الهبة | من أول كتاب الشركة الى آخر اللقطة 2 | من أول ..... إلى آخر الوصايا 2 | من أول الفرائض الى آخر أصحاب الفروض | من أول من أصحاب الفروض إلى آخر قسم الميراث |
| سورة الواقعة | سورة الأعلى........سورة القارعة | | من سورة التكاثر الى سورة الكوثر | من سورة الكافرون الى سورة الناس |
| ربيع الآخر | جمادى الأولى | جماد الأخرى | رجب | شعبان |

| വർഷം | വിഷയം | കിതാബ് |
|---|---|---|
| ഒന്നാം വർഷം | ഫിഖ്ഹ് | الفقه المختصر في الفقه الشافعي – الجزء الأول |
| | ഹദീസ് | مختار الأخلاق والآداب |
| | മജ്മൂഅ | المجموعة (الادعية والاذكار) |
| | താരീഖ് | മുഹമ്മദ്നബി(സ) ജീവിതവും പ്രബോധനവും |
| | അഖീദ | كتاب العقائد- جزء الاول (كفاية العوام) |
| രണ്ടാം വർഷം | ഹദീസ് | متن الأربعين النووي |
| | താരീഖ് | ഇസ്‌ലാമികഖിലാഫത്ത് സവിശേഷതകൾ |
| | ഫിഖ്ഹ് | الفقه المختصر في الفقه الشافعي – الجزء الثاني |
| | അഖീദ | كتاب العقائد- جزء الثاني (كتاب معرفة الصغرى والكبرى) |
| | മജ്മൂഅ | المجموعة (الادعية والاذكار) الجزء |
| മൂന്നാം വർഷം | ഹദീസ് | المختارة من إرشاد العباد |
| | ഫിഖ്ഹ് | الفقه المختصر في الفقه الشافعي – الجزء الثالث |
| | തഫ്സീർ | തെരെഞ്ഞെടുത്ത സൂറത്തുകൾ |
| | തസവ്വുഫ് | الاذكياء |

**സുന്നിമഹല്ല് ഫെഡറേഷൻ മഹല്ലുകളിൽ നടപ്പിലാക്കുന്നപദ്ധതികൾ**

- മഹല്ല്സ്ക്വാഡ്
- യൂത്ത് വിംഗുകൾ
- ഹെൽപ്പ് ഡെസ്ക്
- മഹല്ല്സർവ്വെ
- മസ്‌ലഹത്ത് കമ്മിറ്റി
- വിദ്യാഭ്യാസം തുടർ പ്രവർത്തനങ്ങൾ
- സ്വദേശി ദർസ്
- പ്രീമാരിറ്റൽകോഴ്സ്
- പാരന്റിംഗ്സ്കൂൾ
- ആശ്വാസ്
- സുന്ദൂഖ് (പലിശരഹിത വായ്പാ പദ്ധതി)


**സമസ്തകേരളസുന്നിമഹല്ല് ഫെഡറേഷൻ**

**കേരളസ്റ്റേറ്റ് കമ്മിറ്റി**

സമസ്താലയംചേളാരി, തേഞ്ഞിപ്പലം, മലപ്പുറംജില്ല

ഫോൺ: +91 6235292929, 9961081443,